(സി) സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ചുരുക്കുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ നിലനിറുത്താനും പ്രവർത്തനം കൂടുതൽ വിപുലമാക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ 132 തസ്തികകൾ അധികമുള്ളതായി സർക്കാർ കണ്ടെത്തി. അതിൽ 125 തസ്തികകൾ ഇതിനകം കുറവുചെയ്ത് ഉത്തരവായിട്ടുണ്ട്.

(ബി) അന്തേവാസികളുടെ എണ്ണം കുറവായതിനാൽ എറണാകുളം റസ്ക്യൂ ഹോമും തിരുവനന്തപുരം ആഫ്റ്റർ കെയർ ഹോസ്റ്റലും നിർത്തലാക്കിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളേയും ജീവനക്കാരേയും ആവശ്യാനുസരണം പുനഃസംഘടിപ്പിക്കുകയും പുനർവിന്യസിക്കുകയും ചെയ്യുകവഴി വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലെ ബാലമന്ദിരങ്ങൾ

38 (4198) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിനു കീഴിൽ എത്ര ബാലമന്ദിരങ്ങൾ ഉണ്ട് ; എവിടെയെല്ലാമാണ് ഇവ പ്രവർത്തിച്ചു വരുന്നത് ; ഓരോ സ്ഥാപനത്തിലും എത്ര കുട്ടികളാണ് ഇപ്പോഴുള്ളത് ;

(ബി) ആൺകുട്ടികൾ എത്ര ; പെൺകുട്ടികൾ എത്ര ;

(സി) ഓരോ കുട്ടിക്കും പ്രതിദിനം എത്ര രൂപ ചെലവ് ചെയ്യുന്നുണ്ട് ;

(ഡി) ഒരു കുട്ടിക്കുവരുന്ന ഒരുവർഷത്തെ ചെലവ് എത്രയാണ് ; ഈ യിനത്തിൽ 2001-02, 2002-03 വർഷത്തിൽ എത്ര തുക സർക്കാർ ചെലവ് ചെയ്തിട്ടുണ്ട്.

(ഇ) വിദ്യാഭ്യാസത്തിനായി എത്ര തുക ചെലവ് ചെയ്യുന്നു ; ഉയർന്ന വിദ്യാഭ്യാസം ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളുണ്ട് ;

(എഫ്) എസ്.എസ്.എൽ.സി. മുതൽ കൂടുതൽ ഉയർന്ന വിദ്യാഭ്യാസം നൽകപ്പെട്ട എത്ര കുട്ടികൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ബാലമന്ദിരത്തിലെ ഭക്ഷണക്രമം എന്താണെന്ന് പറയാമോ ;

(എച്ച്) ഈ കുട്ടികൾക്ക് ഒരുവർഷം വസ്ത്രം ലഭ്യമാക്കാനായി സർക്കാർ എത്ര തുക ചെലവ് ചെയ്യുന്നു ;

(ഐ) ഒരുവർഷം ഒരു കുട്ടിക്ക് കുറഞ്ഞത് എത്ര പുതിയ വസ്ത്രം ലഭ്യമാക്കുന്നുണ്ട് ;

(ജെ) ഉയർന്ന വിദ്യാഭ്യാസം, തൊഴിൽ, മെച്ചപ്പെട്ട ജീവിതം എന്നിവ ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ഇപ്പോൾ നടപ്പാക്കുന്നത് ;

(കെ) ഈ രംഗത്തെ പ്രശ്നങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളാ ചിൽഡ്രൻസ് ആക്ട് പ്രകാരം നിലവിലുണ്ടായിരുന്ന ബാലമന്ദിരങ്ങൾ ജെ.ജെ. ആക്ട് പ്രകാരം പുനർ നാമകരണം ചെയ്ത് ജുവനൈൽ ഹോമുകളായി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് ആറ് ജുവനൈൽ ഹോമുകളും ഒരു ബാലസദനവും പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ലയും അന്തേവാസികളുടെ എണ്ണവും ചുവടെ ചേർക്കുന്നു :-

ജുവനൈൽ ഹോം	തിരുവനന്തപുരം	49
"	കൊല്ലം	44
"	കോട്ടയം	71
"	തൃശൂർ	69
"	കോഴിക്കോട് (ബോയിസ്)	69
"	കോഴിക്കോട് (ഗേൾസ്)	152
ബാലസദനം	ആലപ്പുഴ	13

(ബി) ആൺകുട്ടികൾ 315 എണ്ണം. പെൺകുട്ടികൾ 152 എണ്ണം.

(സി) ശരാശരി 25-നും 30-നും ഇടയ്ക്ക് രൂപ ചെലവ് ചെയ്യുന്നുണ്ട്.

(ഡി) ഓരോ കുട്ടിക്കുംവേണ്ടി ഒരുവർഷം ശരാശരി 10,000 (പതിനായിരം) രൂപയ്ക്കുള്ളിൽ തുക ചെലവ് വരും. 2001-02, 2002-03 വർഷങ്ങളിലെ ചെലവ് വിവിധം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ചെലവ് സംബന്ധമായ വിവരം ശേഖരിച്ചുവരുന്നു. ഉയർന്ന വിദ്യാഭ്യാസം നൽകുന്നതിന് പഠിക്കാൻ കഴിവുള്ള കുട്ടികളെ സ്ഥാപനത്തിന് സമീപമുള്ള ഹൈസ്ക്കൂളുകളിൽ അയച്ചു പഠിപ്പിക്കുന്നു. കൂടാതെ നിലവാരം പുലർത്തുന്ന കുട്ടികളെ റസിഡൻഷ്യൽ സ്കൂളുകളിലും ചേർത്ത് പഠിപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ജി) ഭക്ഷണക്രമം സംബന്ധമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി നൽകിയിട്ടുണ്ട്. *

(എച്ച്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഐ) നാല് ജോഡി വസ്ത്രം നൽകുന്നുണ്ട്.

(ജെ) ഐ.ടി.ഐ., പ്ലസ് ടു കോഴ്സുകളിൽ അന്തേവാസികളെ പുറത്ത് അയച്ച് പഠിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന തൊഴിൽ പരിശീലന യൂണിറ്റിൽനിന്നും അന്തേവാസികൾക്ക് തൊഴിൽ പരിശീലനം നൽകുന്നുണ്ട്.

(കെ) പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല.

സംയോജിത ശിശു വികസന പദ്ധതി

39 (4199) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത ശിശു വികസന പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ എത്ര കേന്ദ്ര മേഖലാ പദ്ധതികളും എത്ര സംസ്ഥാന മേഖലാ പദ്ധതികലും നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആനൗപചാരിക സ്കൂൾ വിദ്യാഭ്യാസം, ആരോഗ്യ പോഷണ വിദ്യാഭ്യാസം, വളർച്ച നിരീക്ഷണം, പോഷകാഹാര വിതരണം, പ്രതിരോധ കുത്തിവെയ്പ്, ആരോഗ്യ പരിശോധന മുതലായ സേവനങ്ങളാണ് ഈ പദ്ധതി മുഖാന്തിരം നൽകുന്നത്. കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുക, സമഗ്രവികസനത്തിനുള്ള അടിത്തറ പാകുക, രോഗാതുരത, ശിശുമരണ നിരക്ക്, കുട്ടികളുടെ സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്, ന്യൂന പോഷണം എന്നിവ കുറയ്ക്കുക, കുഞ്ഞുങ്ങളുടെ സംരക്ഷണത്തിൽ അമ്മമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, മറ്റ് വകുപ്പുകളുമായി ഏകോപിപ്പിച്ച് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. കൂടാതെ സാമൂഹത്തിന് കൂടുതൽ സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ അംഗൻവാടി കേന്ദ്രങ്ങൾ ജനവിഭവ കേന്ദ്രങ്ങളാക്കുക എന്ന ഒരു പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) സംയോജിത ശിശു വികസന പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേരളത്തിലുള്ള മുഴുവൻ സംയോജിത ശിശുവികസന പദ്ധതി പ്രോജക്ടുകളും കേന്ദ്ര മേഖലയിലുള്ളവയാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly